**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 755**

**27.04.2017-ൽ മറുപടിക്ക്**

## കായലുകളിൽ നിന്നും നീക്കം ചെയ്ത എക്കൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എം. സ്വരാജ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി കായലുകളിൽ നിന്നും നീക്കം ചെയ്ത എക്കൽ, തീരത്ത് നിക്ഷേപിച്ചിരിക്കുന്നതിലൂടെ, പരിസ്ഥിതിക്കും ഈ പ്രദേശത്തെ ജനങ്ങൾക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)യും<br>(ബി)യും<br>(സി)യും<br>(ഡി)യും | ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ തൃപ്പൂണിത്തുറ മണ്ഡലത്തിലെ കായലുകളിൽ നിന്ന് എക്കൽ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ കായലുകളിൽ നിന്നും നീക്കം ചെയ്യുന്ന എക്കൽ നിക്ഷേപിക്കാൻ പ്രത്യേക സ്ഥലം ഇല്ലാത്തതിനാൽ ജലസേചന വകുപ്പ് എക്കൽ കായൽ തീരത്തു നിക്ഷേപിച്ചു വരുന്നു. കുന്നൂർ കനാലിൽ ആഴം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നീക്കിയ എക്കൽ കരയോടു ചേർന്നു നിക്ഷേപിക്കുന്ന സ്ഥിതി മുൻപ് ഉണ്ടായിരുന്നു. മഴയിൽ ഈ എക്കൽ ഒഴുകി വീണ്ടും കായലിലേയ്ക്ക് പതിക്കുന്നത് മൂലം മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ട് ഉണ്ടായിരുന്ന കാര്യം ശ്രദ്ധയിൽപെട്ടിരുന്നു. ഈ പ്രശ്നം പരിഹരിക്കാൻ ജലസേചന വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്. |
| (ബി) | ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | | |
| (സി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ; | | |
| (ഡി) | ഈ എക്കൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ